**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 540** — **20-03-2023 - ൽ മറുപടിയ്ക്ക്**

**ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ ന്യായവില ലഭ്യമാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കി ശുചിത്വപൂർണമായ സാഹചര്യത്തിൽ മത്സ്യം വിപണം ചെയ്യുന്നതിനും സർക്കാർ നടത്തുന്ന ഇടപെടൽ വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ ന്യായവില ലഭ്യമാക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കി ശുചിത്വപൂർണ്ണമായ സാഹചര്യത്തിൽ മത്സ്യം വിപണനം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യം പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടത്തുന്ന തീരദേശ ലേല സമ്പ്രദായത്തിലൂടെ ശേഖരിച്ച് ഫിഷ് മാർട്ടുകൾ വഴി വിപണനം നടത്തുന്നതു വഴി ഒരു പരിധിവരെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യത്തിന് ന്യായവില ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ, അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് അന്നന്ന തന്നെ ലഭിക്കുന്നതിനായി "അന്തിപച്ച" എന്ന പേരിൽ 16 ഫിഷറ്റേറിയൻ മൊബൈൽ മാർട്ടുകൾ (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനങ്ങൾ) മത്സ്യഫെഡ് പ്രവർത്തിപ്പിച്ചു വരുന്നു.<br><br>മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായി ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി 2021 ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത ആക്ടിലെ 16-ാം വകുപ്പ് പ്രകാരം ആക്ടിലെ വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ടി ഒരു സംസ്ഥാനതല മത്സ്യഗുണനിലവാര പരിപാലന കമ്മിറ്റി നിലവിൽ വന്നിട്ടുണ്ട്. മത്സ്യ ഉപഭോക്താക്കൾക്ക് ഗുണനിലവാരത്തെ കുറിച്ച് ബോധവത്ക്കരണം നൽകുക, മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന് വേണ്ടി സർട്ടിഫിക്കറ്റ് നൽകുന്നതിലേക്കായി വിജ്ഞാപനം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നൽകുക, മത്സ്യബന്ധനം നടത്തി ലഭിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുക എന്നിവ കമ്മിറ്റിയുടെ കർത്തവ്യങ്ങളാണ്.<br><br>കേരള നിയമസഭ പാസ്സാക്കിയ മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 7-ാംവകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും, 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികളും, ഫിഷ് ലാന്റിംഗ് സെന്ററുകളിലോ ഫിഷിംഗ് ഹാർബറുകളിലോ മാർക്കറ്റുകളിലോ മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകൾ നിയന്ത്രിക്കപ്പെടുമെന്ന് ഉറപ്പ് വരുത്തുന്നു. സംസ്ഥാനത്ത് 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വിജ്ഞാപനം വഴി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ ചട്ട രൂപീകരണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ പദ്ധതിയിലൂടെ മത്സ്യഫെഡ് മുഖേന ഫിഷ് മാർട്ടുകൾ സ്ഥാപിക്കുന്നതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | 'ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിൽ' പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യഫെഡിന്റെ 4 ഫിഷ് മാർട്ടുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 3 ഫിഷ് മാർട്ടുകൾ പ്രവർത്തനത്തിന് സജ്ജമാണ്. 3 ഫിഷ് മാർട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | വിഴിഞ്ഞത്ത് ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ട/ കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റ്, വിപണന ഔട്ട് ലെറ്റ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ഡി) | മത്സ്യം മൂല്യവർദ്ധിതോല്പന്നങ്ങളാക്കി കേടുകൂടാതെ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിന് ഓൺലൈൻ വിപണന സൗകര്യങ്ങൾ ഉൾപ്പെടെ | (ഡി) | ഉണ്ട്. മത്സ്യഫെഡ് നിർമ്മിക്കുന്ന മൂല്യവർദ്ധിതോല്പന്നങ്ങൾ ഓൺലൈൻ വഴി വിപണനം ചെയ്തു വരുന്നു. |

| | | | |
|---|---|---|---|
| | ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ